peaceradio
Tune to reality

# ഒരേ ഒരിന്ത്യ ഒരൊറ്റ ജനത

## ഇത് പശുവിന്റെ വെറുമൊരു ചിത്രമാണ്..ഈ പെട്ടിക്കുള്ളിൽ മാംസമില്ല.... എന്നെ കൊല്ലരുത്

**എ**യർപോർട്ടിലെ ലഗ്ഗേജ് ബെൽറ്റിൽ കറങ്ങിക്കൊണ്ടിരിക്കുന്ന
പശുവിന്റെ ചിത്രമുള്ള മിൽമ ബോക്സിൽ
ഒരു പ്രവാസി എഴുതിയ വരിയാണിത്..!

നർമ്മം കലർന്ന ഈ വരികൾ ഉയർത്തിവിടുന്ന ചില
വേദനകളോട് സംവദിക്കുകയാണ് ഈ ലഘു കുറിപ്പ്
താങ്കൾ അൽപ നേരം വായന തുടരുക..

### ഇന്ത്യ: ഒരു പൂന്തോപ്പ്

ഒരു പൂന്തോട്ടത്തിൽ പലതരം പൂക്കൾ..!
വിവിധ വർണ്ണങ്ങൾ..! പല രൂപങ്ങൾ..!
ഇതുപോലെ മത-വർഗ-വർണ-വസ്ത്ര-ഭാഷാ-സംസ്കാര
വൈവിധ്യങ്ങളാൽ സമ്പന്നമാണ് നമ്മുടെ നാട്.
ലോകജനസംഖ്യയുടെ ആറിലൊന്ന് ജീവിക്കുമ്പോഴും,
ലോകത്തിലെ രണ്ടാമത്തെ ജനസംഖ്യാ രാഷ്ട്രമായി
നിലനിൽക്കുമ്പോഴും ഒറ്റ മനസ്സോടെ മുന്നോട്ട് പോകാൻ
ഇന്ത്യക്കാർക്ക് കഴിഞ്ഞിട്ടുണ്ട്.

ഭാഷാടിസ്ഥാനത്തിൽ പരസ്പരം ഭിന്നിച്ചു നിൽക്കുന്ന
യൂറോപ്യൻ രാഷ്ട്രങ്ങളെ പോലെയോ, ഉപദേശീയതാ വാദങ്ങളാൽ
ശിഥിലമായിത്തീർന്ന യൂഗോസ്ലാവിയ പോലെയോ,
ആഭ്യന്തര കലഹങ്ങളാൽ കലാപ കലുഷിതമായ
അയൽ രാജ്യങ്ങളെ പോലെയോ ശിഥിലമല്ല സ്ഥാപിതകാലം
മുതലേ ഇന്ത്യൻ സമൂഹം. എല്ലാ വൈജാത്യങ്ങൾക്കും ഇടയിൽ
സ്വന്തം വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ടും
അതിലേക്ക് മറ്റുള്ളവരെ പ്രബോധനം ചെയ്തു കൊണ്ടും
നാം ഒരുമിച്ചു ജീവിച്ചു;
ഇനിയും അങ്ങിനെ തന്നെയായിരിക്കണം.

### ഐക്യം സ്വയം ഭൂവല്ല

ബ്രിട്ടീഷ് വിമുക്ത ഭാരതത്തിലും സ്വാതന്ത്ര്യപൂർവ കാലത്തും
നിലനിന്ന ഐക്യവും സ്നേഹവും വിവിധ മത പണ്ഡിതരുടേയും ദേശീയ
നേതാക്കളുടേയും ചില ബോധപൂർവമുള്ള ഇടപെടലുകളുടെ
പ്രതിഫലനമായിരുന്നു..! തികഞ്ഞ രാമഭക്തനായ ഗാന്ധിജിയും
ഒരിക്കൽപോലും രാമനാമം ജപിച്ചിട്ടില്ലാത്ത,
ഖുർആൻ പരിഭാഷകൻ കൂടിയായ അബുൽ കലാം ആസാദും
തോളോടുതോൾ ചേർന്ന് നിന്നു..!
ജാലിയൻ വാലാബാഗിലെ കൽഫലകത്തിൽ
രാജ്യത്തിന് വേണ്ടി വീരമൃത്യു വരിച്ച ഹിന്ദു-മുസ്‌ലിം-സിക്ക് വിഭാഗത്തിൽ പെട്ട
ആയിരത്തോളം പേരുകൾ ഇടകലർത്തി എഴുതിവെച്ചതും
രാജ്യ മനസ്സ് പുലർത്തിയ ഏകതാ ഭാവത്തിന്റെ
പ്രത്യക്ഷ തെളിവു തന്നെയാണ് .

### മുസ്‌ലിം രാജ്യദ്രോഹി ആകുമോ?

ബ്രിട്ടീഷ് ഭരണാധികാരികളുടെ മട്ടുപ്പാവിൽ കയറിച്ചെന്ന് ,
ഒന്നുകിൽ ആറടി മണ്ണ്; അല്ലെങ്കിൽ എന്റെ രാജ്യത്തിന് സ്വാതന്ത്ര്യം
എന്ന ഉറച്ച പ്രഖ്യാപനമുയർത്തിയ മൗലാനാ
മുഹമ്മദലി ജൗഹറിന്റെ ഈ ഹൃദയ ഭാഷ കേവല
ദേശീയതയുടെ മാത്രം ഉത്പന്നമല്ല; മറിച്ചു വിശ്വസിച്ചാചരിക്കുന്ന
ഇസ്ലാമിക ദർശനത്തിന്റെ മാർഗദർശനം കൂടിയാണ്..!

സത്യാഗ്രഹ പന്തലിൽ നിന്നെത്തുന്ന
മഹാത്മാ ഗാന്ധിക്ക് സ്വന്തം കൈകൾ കൊണ്ട്
ഭക്ഷണം വിളമ്പിയ മുഹമ്മദലി സഹോദരങ്ങളുടെ മാതാവ് അബാദീ ബീഗം
മാനുഷിക സഹകരണത്തിന്റെ, ജൻമദേശത്തോടുള്ള കൂറിന്റെ
മത പാഠങ്ങൾ പഠിച്ചറിഞ്ഞവരാണ്.

ആകുമ്പോൾ രാജ്യത്തെ ഹൈന്ദവ സുഹൃത്തുക്കൾ
ഇപ്പോൾ പറയേണ്ട ഒരു വാചകം ഡൽഹി
ഉപമുഖ്യമന്ത്രി ഉറക്കെ പറഞ്ഞിട്ടുണ്ട് -
'ഞാൻ ഹിന്ദുവാണ് സംഘിയല്ല; ഹൈന്ദവ സംസ്കാരം ആരെയും
ആരും കൊലനടത്തി മതം സ്ഥാപിക്കാൻ പറഞ്ഞിട്ടില്ല'.

### കലാപം കത്തി ഉയർത്തിയാൽ..!

നമ്മുടെ നാട്ടിൽ ഒരു കലാപം പൊട്ടി പുറപ്പെട്ടാൽ അത്
മുസ്ലിംങ്ങളെ മാത്രമല്ല ബാധിക്കുക.
നമ്മുടെ സങ്കര സാമൂഹികഘടന പ്രകാരം
നശീകരണത്തിന്റെ കൊലക്കത്തി എല്ലാവരെയും കൊണ്ടേ പോകൂ..
പൊതുനിരത്തുകളിലും ക്യാമ്പസുകളിലും കളിമുറ്റങ്ങളിലും
അയൽപക്ക സംവിധാനങ്ങളിലും മതാന്ധതയുടെ മതിലുകൾ
സൃഷ്ടിക്കപ്പെടണോ എന്ന് നാം ചിന്തിക്കുക.
എല്ലാവരും ഒന്നിച്ചു നിന്ന് പൊരുതുന്ന ഒരു മുന്നേറ്റമാണ് വേണ്ടത്

### വികാരം പരിഹാരമല്ല

പീഡനങ്ങളും കൊലകളും അനുഭവിക്കുന്നത് വിശ്വാസിക്ക്
ഒരു പുതു വാർത്തയല്ല. ചരിത്രം അത് സാക്ഷ്യപ്പെടുത്തി.
അത് അറിയുന്നത്കൊണ്ട് തന്നെയാണ് രാജ്യത്തെ നിയമ പീഠങ്ങളിൽ
വിശ്വസിച്ചു മുസ്ലിം സമൂഹം സംയമനം പാലിക്കുന്നത്.
മറുകൊലകൾക്ക് മതം അനുവാദവും നൽകുന്നില്ല.
ഫൈസലും യാസറും കുത്തിമലർത്തപ്പെട്ടിട്ടും മുസ്‌ലിം സമൂഹം പാലിച്ച
പക്വതയുടെ ക്രെഡിറ്റ് ഇസ്‌ലാമിക പ്രമാണങ്ങൾക്ക് തന്നെയാണ്.
ഇസ്ലാമിക ശരീഅത്ത് അനുസരിച്ചു പ്രതിക്രിയ പൗരൻ
ചെയ്യേണ്ടതല്ല, മറിച്ചു ഭരണകൂടമാണ് നീതി നടപ്പിലാക്കേണ്ടത്.
ആയിരം പള്ളികൾ തകർക്കപ്പെട്ടാലും ഒരു ക്ഷേത്ര മതിലിലെ
കല്ലിളക്കാൻ പോലും ഇവിടെ ഇസ്ലാം അനുവാദം നൽകുന്നില്ല;
എന്ന് നാം പറയുന്നതും അതിനാലാണ്

വിശ്വാസത്തിന് വേണ്ടി സഹിക്കുന്ന ഓരോ കാര്യത്തിനും മരണാനന്തര
ജീവിതത്തിൽ അർഹമായത് ലഭിക്കും എന്ന പ്രതീക്ഷ വിശ്വാസിക്ക്
നല്കുന്ന ആശ്വാസം ചെറുതല്ല.

പക്ഷെ സ്രഷ്ടാവിന് മാത്രം അവകാശപ്പെട്ടത് അവന് മാത്രം
സമർപ്പിച്ചാലേ ഇതിനെല്ലാം അവൻ യോഗ്യനാകൂ എന്നു മാത്രം.
മുഹമ്മദ് നബി (സ) യെ ആരാധിച്ചാൽ അഥവാ പ്രവാചകനോട്
പ്രാർത്ഥിച്ചാൽ ആ വ്യക്തി ഇസ്ലാമിക വൃത്തത്തിൽ നിന്നും പുറത്തായി.
കാരണം ആരാധ്യൻ സ്രഷ്ടാവ് മാത്രമാണ്.
അതിനാൽ ഖബർ, പ്രതിമ, മനുഷ്യ ദൈവങ്ങൾ തുടങ്ങിയവയൊന്നും
ആരാധിക്കപ്പെട്ടു കൂടാ.

### നന്മയുടെ കൂട്ടായ്മ

വിശുദ്ധ ഖുർആനും പ്രവാചകചര്യയും പ്രവാചകാനുയായികളുടെ
രീതിശാസ്ത്രത്തിൽ സ്വീകരിച്ചാനയിക്കുന്ന
കേരളത്തിലെ മുസ്ലിം നവോത്ഥാന മുന്നേറ്റമായ മുജാഹിദ്
പ്രസ്ഥാനത്തിന്റെ തുടക്കക്കാരിൽ സ്വാതന്ത്ര്യ സമര നേതാക്കളായ
മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, വക്കം മൗലവി, കെ.എം മൗലവി,
സീതി സാഹിബ് തുടങ്ങിയവരെ നമുക്ക് കാണാം.
അതിന്റെ ശക്തമായ തുടർച്ചയായ വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ
**ഒരേ ഒരിന്ത്യ, ഒരൊറ്റ ജനത** എന്ന പ്രമേയത്തെ അധികരിച്ച്
സംഘടിപ്പിക്കുന്ന സന്ദേശ പ്രചാരണം കാലം തേടുന്ന ഒരു ഇടപെടലാണ്
ഈ പ്രമേയം ഉയർത്തിപിടിക്കൻ മറ്റാരെങ്കിലും സന്നദ്ധരാണെങ്കിൽ മുൻ
സീറ്റ് അവർക്ക് കൈമാറി പിന്നിൽ നിന്ന് കഠിനാധ്വാനം ചെയ്യാൻ
വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ സന്നദ്ധമാണ്.

നോക്കൂ
ഈ രാവ് തീരും മുമ്പ് കുറേ ദൂരം താണ്ടാനുണ്ട്;
ഈ പകൽ മായും മുൻപ് കുറേ ദൗത്യങ്ങൾ നമുക്ക് ചെയ്യാനുമുണ്ട്.
അതിന് നാഥൻ അനുഗ്രഹിക്കട്ടെ





**EKP Complex, Kallai Road, Kozhikode -2, Kerala,**

Ph: +91 95 44 66 33 88

ബുർഖക്കുള്ളിൽ നിന്ന് സ്വാതന്ത്ര്യ പോരാട്ടം നയിച്ച ഒരു വനിതകൂടിയായിരുന്നു അവർ.
ജന്മ ദേശം വിട്ടു പലായനം ചെയ്യേണ്ടി വന്ന പല പ്രവാചകന്മാരുടെയും ചരിത്രത്തിൽ സ്വന്തം ദേശം വിടുമ്പോൾ അവർ പ്രകടിപ്പിച്ച നൊമ്പരം ജന്മ ഭൂമിയോട്വിശ്വാസി പുലർത്തേണ്ട സമീപനം രൂപപ്പെടുത്തുന്നുണ്ട്.
നിന്റെ വീടിന്റെ മേൽക്കൂര അയൽക്കാരന്റെ വീട്ടിലേക്കുള്ള കാറ്റും വെളിച്ചവും തടയരുതെന്നും നിന്റെ വീട്ടിൽ ഒരു പ്രത്യേക വിഭവമുണ്ടാക്കിയാൽ വെള്ളം ചേർത്ത് അധികരിപ്പിച്ചിട്ടാണെങ്കിലും അയൽക്കാരനും നൽകണമെന്നും പഠിപ്പിച്ച പ്രവാചകൻ (സ) ജാതി മത ചിന്തകൾക്കുപരി മനുഷ്യസമൂഹത്തേയാണ് മുന്നിൽകണ്ടത് .
അതിലുപരി അന്യമതസ്തർക്ക് സേവനം ചെയ്തു കൊടുക്കണമെന്നുതന്നെ ഖുർആൻ നിർദ്ദേശിക്കുന്നുമുണ്ട്.

***മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്യുകയോ, കിടപ്പാടങ്ങളിൽ നിന്ന് പുറത്താക്കുകയോ ചെയ്യാത്തവരോട് നീതിപൂർവ്വം സഹകരിക്കുക. അവരോട് നന്മ ചെയ്യുക (60:8)***

ഇത്തരം നിരവധി മതതത്വങ്ങൾ ഒരു മുസ്ലിമിന് തന്റെ വിശ്വാസത്തിൽ കലർപ്പില്ലാതെ തന്നെ ബഹുസ്വരസമൂഹത്തിൽ ഇടപെടേണ്ട രീതി പഠിപ്പിച്ചു കൊടുക്കുന്നുണ്ട്.

മദീനയുടെ സമ്പൂർണ്ണ അധികാരം ലഭിച്ചിട്ടും ജൂത സമൂഹം ഉൾപ്പടെയുള്ളവർക്ക് അവരവരുടെ വിശ്വാസ-ആചാരങ്ങൾ വ്യക്തിജീവിതത്തിൽ പാലിക്കാൻ അനുവാദം കൊടുത്ത ചരിത്രവും ഇവിടെ പ്രസ്താവ്യമാണ്.

## അവർ വിശ്രമത്തിലായിരുന്നു

രാജ്യം സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിൽ എരിയുമ്പോൾ അതിദേശീയത ആദർശമാക്കിയെന്നു പറയുന്നവർ വെറും കാഴ്ചക്കാരും വിമർശകരും മാത്രമായിരുന്നു.
ഉപ്പുസത്യാഗ്രഹം ബഹിഷ്ക്കരിച്ചതും, ഗാന്ധിജിയുടെ നെഞ്ച് പിളർത്തിയതും അത് ചെയ്ത ഗോഡ്സെയെ വാഴ്ത്തിയതും മാത്രം മതി ഇതിനുള്ള രേഖ. പോരാട്ടനാളുകളിൽ ഹിന്ദു-മുസ്ലിം വർഗീയത സൃഷ്ടിച്ച് ബ്രിട്ടീഷുകാരുടെ 'ഭിന്നിപ്പിച്ച് ഭരിക്കൽ' നയത്തിന് കരുത്ത് പകരുകയാണ് അവർ ചെയ്തത്. അതിലുപരി ബ്രിട്ടീഷ് മിലിട്ടറിയുടെ ഭാഗമായവരും ഗാന്ധി വധക്കാരിലുണ്ട്..!

പിന്നെ ഫാഷിസ്റ്റുകൾ പറയുന്ന ദേശീയതയും രാജ്യ സ്നേഹവുമെല്ലാം കേൾക്കുമ്പോൾ ഇതൊക്കെ ആത്മാർത്ഥമാണെന്ന് ആരെങ്കിലും കരുതുമോ?
കാരണം ഫാഷിസം ചരിത്രത്തിലുടനീളം വിത്തു വിതച്ചത് ഇത്തരം ചില കൺകെട്ടുകൾ വഴി തന്നെയാണ്.
ഹിറ്റലർ ഈ വഴിയിൽ മുമ്പേ നടന്ന ഇവരുടെ ആചാര്യനാണ്..!
അതിശക്തമായ മിലിട്ടറി സംവിധാനമുള്ള രാജ്യത്ത് പൊതുജനത്തിന് ആയുധ പരിശീലനം കൊടുക്കുന്നത് രാജ്യാതിർത്തി കാക്കാനൊന്നുമല്ലല്ലോ?!
ഫാസിസം ചരിത്രത്തിലുടനീളം ഈ അജണ്ട അനുവർത്തിച്ചിട്ടുണ്ട്.

## ഗോമാംസ രാഷ്ട്രീയം

സ്വാമി വിവേകാനന്ദൻ, സാഹിത്യ സർവ്വസ്വത്തിന്റെ മൂന്നാം വാല്യം 536ൽ ഋഗ്വേദത്തെ അടിസ്ഥാനപ്പെടുത്തി പറഞ്ഞപോലെ, ഗോമാംസം ഭക്ഷിക്കൽ പുണ്യമെന്ന് വിശ്വസിക്കുന്ന ഒരു വിഭാഗം ഹൈന്ദവ സഹോദരങ്ങളിലുണ്ട്. പശുവിനെ ആരാധിക്കലാണ് മുഖ്യമെന്ന് വിശ്വസിക്കുന്ന മറുവിഭാഗവും ഹിന്ദുക്കൾക്കിടയിൽ തന്നെ ജീവിച്ചിരിപ്പുണ്ട്. ഈ രണ്ട് വീക്ഷണവും ഉൾക്കൊള്ളാൻ ഇരുവർക്കും അവകാശമുള്ളത് പോലെ തന്നെ മറ്റു മതവിഭാഗങ്ങൾക്കും അവരുടെ ആചാര രീതികളുമായി മുന്നോട്ട് പോകാൻ അവകാശമുണ്ട്.
മറിച്ച് ഹൈന്ദവന്റെ വീട്ടിലെ പശുവിനെ അറുക്കാൻ മുസ്‌ലിമോ, മുസ്‌ലിമിന്റെ വീട്ടിലെ പശുവിനെ ആരാധിക്കാൻ ഹൈന്ദവനോ ശ്രമിക്കുമ്പോഴാണ് യഥാർത്ഥത്തിൽ പ്രശ്നങ്ങൾ ഉടലെടുക്കുന്നത്.

മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഗോമാംസത്തിന് മാത്രമായി പ്രത്യേക പുണ്യമോ നിരോധനമോ മതത്തിൽ കൽപിച്ചിട്ടില്ല.
അഥവാ, ഇതൊരു ഹിന്ദു-മുസ്ലിം പ്രശ്നമല്ല എന്നർത്ഥം.

## ഗോമാംസത്തിൽ തീരുമോ?

ഹൈന്ദവ ദൈവങ്ങളുടെ സാമീപ്യം മൂലം സംരക്ഷിക്കപ്പെടുകയാണെങ്കിൽ അത് പശുവിൽ മാത്രം പരിമിതപ്പെടുത്തേണ്ട ഒന്നല്ല, ഗണപതിയുടെ എലി മുതൽ അയ്യപ്പന്റെ പുലി വരെ പരശ്ശതം മൃഗങ്ങൾ വിശുദ്ധിയുടെ ഗണത്തിലേക്ക് ഉയർന്നുവെന്നു ഹൈന്ദവ സമൂഹത്തിലെ ചില വിഭാഗങ്ങൾ വിശ്വസിക്കുന്നുണ്ടല്ലോ.

## കൊല്ലുന്നതു കുഴിയാനകളെ...!

പശുവിറച്ചി കൈവശം വെച്ചുവെന്ന പുകമറ സൃഷ്ടിച്ച് കൊല ചെയ്യപ്പെട്ട മുഹമ്മദ് അക്ലാഖ് മുതൽ ഹാഫിദ് ജുനൈദ് വരെയും, പശുത്തോൽ വിറ്റെന്ന പേരിൽ കൊലചെയ്യപ്പെട്ട ദളിതരുമുൾപ്പടെ നിരവധി മനുഷ്യജീവനുകളെ സാക്ഷിനിർത്തി രാജ്യസ്നേഹികൾക്ക് പറയാൻ കഴിയും;
ഇവർ കൊമ്പനാനകളെ മേയാൻ വിട്ട് കുഴിയാനകളെ കൊലക്ക് കൊടുക്കുകയാണെന്ന്. സതീഷ് അഗർവാളിനും സുനിൽ കപൂറിനും മദർ ആബട്ടിനും ബിന്ദ്രക്കും മാത്രമല്ല ബീഫ് നിരോധനം ആവശ്യപ്പെട്ട് ദാദ്രിയിൽ പ്രകോപനം സൃഷ്ടിച്ച ഭരണ കക്ഷി എം.എൽ.എ സംഗീത് സോമിന് വരെ ബീഫ് കയറ്റുമതി ചെയ്യുന്ന വൻകിട മാംസ സംസ്കരണ യൂണിറ്റിൽ ഉടമസ്ഥാവകാശവും ഓഹരി പങ്കാളിത്തവുമുണ്ട് എന്നത് ബീഫ് രാഷ്ട്രീയത്തിന്റെ കപട മുഖം ബോധ്യപ്പെടാൻ ഉപകരിക്കും.നിരപരാധികളെ കൊന്നു തള്ളിയ ഈ ഭീകരവാദികൾ വമ്പൻ അറവു ശാലകളിലേക്ക് എന്തേ ഒരു പ്രകടനം നടത്തുന്നില്ല? ഉടമസ്ഥർക്കെതിരിലോ സ്ഥാപനങ്ങൾക്കെതിരിലോ ആക്രമണങ്ങളുമില്ലല്ലോ?!

രാജ്യത്തെ ചെറുകിട മേഖലയിലെ ഒരു ഉപജീവനമാർഗം കുത്തകൾക്ക് നൽകാനുള്ള ഹിഡൻ അജണ്ടയാണിത് എന്ന് പലർക്കും ബോധ്യപ്പെടാൻ പാക്കറ്റ് ഫുഡായി മാംസം നമ്മുടെ ഫ്രീസറിൽ എത്തേണ്ടി വരും.
പശ്ചിമേഷ്യയിലെ പെട്രോളിയം ബിസിനസ്സ് പോലെ നമ്മുടെ രാജ്യത്തെ ഒരു വൻ സംരംഭമാണിത്. ഇന്ത്യയിലെ 82ശതമാനം പൗരന്മാരും മാംസാഹാരികളാണ് എന്നത് കുത്തകകളുടെ കച്ചവട മോഹം വർദ്ധിപ്പിക്കുന്നു.

## മതേതര ചേരി ഉണർന്നു തുടങ്ങി

ഇന്ത്യയിലെ മതേതര മനസ്സുകളെ ഭിന്നിപ്പിക്കാനുള്ള ദുഷ്ട ശക്തികളുടെ ബോധപൂർവ്വ ശ്രമങ്ങളെ ഉദ്ബുദ്ധ ജനത തിരിച്ചറിഞ്ഞിട്ടുണ്ട് എന്നുള്ളത് ആശ്വാസകരമാണ്.
കേരളത്തിലെ രണ്ട് മുഖ്യധാരാ രാഷ്ട്രീയ സംഘടനകളുടെ യുവജന വിഭാഗങ്ങൾ ഭരണ-പ്രതിപക്ഷ ഭേദമന്യേ നടത്തിയ ബീഫ് ഫെസ്റ്റടക്കമുള്ള പ്രതികരണങ്ങൾ അതാണ് സൂചിപ്പിക്കുന്നത്.
യുവജനനേതാക്കളായ വി ടി ബൽറാം, വി ഡി സതീശൻ, ഷാഫി പറമ്പിൽ, എ എൻ ഷംസീർ, കെ എം ഷാജി തുടങ്ങിയ നിയമ സഭാ സാമാജികർ നവമാധ്യമങ്ങൾ വഴിയും വിഷ്വൽ മീഡിയ വഴിയും മികച്ച ആശയ സമരമാണ് നയിക്കുന്നത്.

ഫാഷിസ്റ്റ് ദുഃശ്ശക്തികൾക്കെതിരെ സി.പി.എം പോളിറ്റ് ബ്യൂറോ അംഗം വൃന്ദ കാരാട്ടും, സീതാറാം യെച്ചൂരിയും ഡൽഹി ഉപ മുഖ്യമന്ത്രി മനീഷ് സിസോദിയയും ജെ.എൻ.യു സ്റ്റുഡൻസ് യൂണിയൻ ജനറൽ സെക്രട്ടറി ശതരൂപ ചക്രവർത്തിയുമെല്ലാം നടത്തിയ ധീരമായ പ്രഖ്യാപനങ്ങൾ മതേതര വിശ്വാസികളുടെ മനസ്സിന് കുളിരുപകരുന്നുണ്ട്.
ഇ.ടി മുഹമ്മദ് ബഷീർ എം.പിയും ഇതര പാർലമെന്റേറിയൻമാരും ഉയർത്തിയ ശബ്ദം ഇപ്പോൾ കനപ്പെട്ടുകൊണ്ടിരിക്കുന്നു.
രാജ്യത്ത് നടക്കുന്ന അപരവൽക്കരണത്തെയും അനാവശ്യ ഉദാത്തവൽക്കരണത്തെയും ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് മുൻ സൈനികർ തന്നെ രാഷ്ട്രപതിക്ക് കത്തയച്ചത് ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്.
എല്ലാറ്റിലുമുപരി നവമാധ്യമങ്ങളിൽ സാധാരണ ഇന്ത്യൻ പൗരന്മാർ നയിക്കുന്ന ടാഗ് ലൈൻ സമരങ്ങൾ വൈറലായി കഴിഞ്ഞു.
അതിന്റെ പ്രത്യക്ഷ തെളിവാണ് 17 പൗരൻമാർ കൊലചെയ്യപ്പെട്ടിട്ടും 22 മാസം മൗനം പാലിച്ച പ്രധാന മന്ത്രി പിന്നീട് അതിനെ അപലപിച്ചത് .

## മൗനം കുറ്റമാണ്

മതേതര ചേരിയാണ് രാജ്യത്തിന് സ്വാതന്ത്ര്യം നേടിക്കൊടുത്തത്.
രാജ്യം ഫാഷിസ്റ്റ് വത്കരിക്കാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുമ്പോൾ ഓരോ പൗരനും അതിനെതിരിൽ ആവുന്നതെല്ലാം ചെയ്യണം.
'ഞാനൊന്നുമറിഞ്ഞില്ലേ' എന്ന നിസംഗഭാവം കുറ്റകരമാണ്.
മരിച്ചു വീഴുന്നവന്റെ ജാതിക്കനുസരിച്ചല്ല നമ്മുടെ വികാര മനസ്സ് ഉണരേണ്ടത്. മനുഷ്യനെന്ന് ആത്മബോധമാണ് നമുക്കുണ്ടാവേണ്ടത്. കാരണം ഇത് ഏതെങ്കിലും ഒരു വിഭാഗത്തിന്റ പ്രശ്നമല്ല.
മറിച്ച്, സർവ മനുഷ്യരുടെയും പ്രശ്നമാണ്.
കൊലചെയ്യപ്പെടുന്നത് മുസ്ലിം സമൂഹത്തിൽ പെട്ടവരും കൊല്ലുന്നതു ഹിന്ദുത്വത്തിന് വേണ്ടിയാണ് എന്ന് പറയുന്നവരും